# പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2570 — 12.03.2020 ൽ മറുപടിയ്ക്ക്

## ലഹരി വിമുക്ത ചികിത്സ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ<br>ശ്രീ.വി.ടി.ബൽറാം<br>ശ്രീ.അനിൽ അക്കര<br>ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ലഹരിക്ക് അടിമകളാകുന്നവർക്ക് ലഹരി വിമുക്ത ചികിത്സ നൽകുന്നതിനും അവരെ അതിന്റെ പിടിയിൽ നിന്നും മോചിപ്പിക്കുന്നതിനും ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാന ലഹരിവർജ്ജന മിഷൻ വിമുക്തിയുടെ ഭാഗമായി ആരോഗ്യ വകുപ്പുമായി സഹകരിച്ചുകൊണ്ട് പതിനാല് ജില്ലകളിലും ഡീ-അഡിക്ഷൻ സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ടി സെന്ററുകളിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, മെഡിക്കൽ ഓഫീസർ, സൈക്യാട്രിക് സോഷ്യൽ വർക്കർ, സ്റ്റാഫ് നഴ്സ് എന്നിവരുടെ സേവനം ലഭ്യമാണ്. 10 കിടക്കകൾ ഉൾപ്പെടെയുള്ള സൗകര്യങ്ങളോടെ ആരംഭിച്ചിട്ടുള്ള വിമുക്തി ഡീ-അഡിക്ഷൻ സെന്ററുകൾ കിടത്തി ചികിത്സ ഉൾപ്പടെ ആരംഭിച്ച് ലഹരിക്കടിമപ്പെട്ടവർക്ക് ചികിത്സ നൽകി വരുന്നു. ടി ഡീ-അഡിക്ഷൻ സെന്ററുകൾ മുഖാന്തിരം ഒ.പി. വിഭാഗത്തിൽ 20293 പേർക്കും, ഐ.പി വിഭാഗത്തിൽ 2249 പേർക്കും ചികിത്സ നൽകിയിട്ടുള്ളതാണ്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലായി 3 സോണൽ കൗൺസിലിംഗ് സെന്ററുകളും, സൗജന്യ കൗൺസിലിംഗിനായി 14405 എന്ന ടോൾഫ്രീ നമ്പറും ആരംഭിച്ചിട്ടുള്ളതും, 2394 പേർക്ക് കൗൺസിലിംഗ് നൽകിയിട്ടുള്ളതുമാണ്. കുട്ടികൾക്കും, സ്ത്രീകൾക്കും പ്രത്യേക ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ലഹരിക്കടിമപ്പെട്ടവർക്ക് സൗജന്യ ചികിത്സാ സൗകര്യവും, പുനരധിവാസം, തൊഴിൽ പരിശീലനം എന്നീ സൗകര്യത്തോട് കൂടിയതുമായ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഡീ-അഡിക്ഷൻ & റീഹാബിലിറ്റേഷൻ സെന്റർ കോഴിക്കോട് ജില്ലയിൽ കിനാലൂരിൽ ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു. |

| | | | |
|---|---|---|---|
| (ബി) | ലഹരിക്ക് അടിമകളാകുന്നവർ ലഹരി വിമുക്ത ചികിത്സ കഴിഞ്ഞാലും ലഹരിയുടെ ലോകത്തേക്ക് വീണ്ടും മടങ്ങുവാനുള്ള സാധ്യത ഉള്ളതിനാൽ ഇത്തരക്കാർക്ക് തുടർചികിത്സ നൽകുന്നതിന് വാർഡ് തല ജാഗ്രതാസമിതികൾ രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് അറിയിക്കുമോ; | (ബി) | ലഹരിക്കടിമപ്പെട്ടവരുടെ വിവര ശേഖരണത്തിനായും ലഹരി വിമുക്ത ചികിത്സ കഴിയുന്നവരെ തുടർ ചികിത്സയ്ക്ക് എത്തിക്കുന്നതിനായും എല്ലാ വാർഡുകളും കേന്ദ്രീകരിച്ച് അഞ്ചു മുതൽ പത്തുവരെ അംഗങ്ങൾ ഉള്ള വിമുക്തി സേനകൾ രൂപീകരിച്ചു വരുന്നു. |
| (സി) | ലഹരിക്ക് അടിമകളായ വിദ്യാർത്ഥികളെ കണ്ടെത്തുന്നതിനും അവരെ അതിൽ നിന്നും മോചിപ്പിക്കുന്നതിനും എല്ലാ സ്കൂളുകളിലും മെൻഡർ സമ്പ്രദായം ആവിഷ്കരിക്കുമോയെന്ന് വിശദമാക്കുമോ; | (സി) | ഇത്തരത്തിൽ ഉള്ള വിദ്യാർത്ഥികളെ കണ്ടെത്തുന്നതിനും അത്തരക്കാരുടെ വിവരങ്ങൾ വളരെ സൂക്ഷ്മതയോടെ അധികാരികൾക്ക് കൈമാറുന്നതിനുമായി സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ച് ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. നിലവിൽ കോളേജ് തലത്തിൽ 899 ക്ലബ്ബുകളും സ്കൂൾ തലത്തിൽ 4842 ക്ലബ്ബുകളും പ്രവർത്തിച്ചു വരുന്നുണ്ട്. ഈ ക്ലബ് അംഗങ്ങളുടെ സഹായത്തോടെ നിലവിൽ ലഹരി ഉപയോഗിക്കുന്നതായി കണ്ടെത്തുന്നവരെ അതിൽ നിന്നും മോചിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ഡി) | ലഹരിയിൽ നിന്നും സമൂഹത്തെ മോചിപ്പിക്കുന്നതിന് ഏറ്റവും ആവശ്യമായ കാര്യം ലഹരി കിട്ടാനുള്ള വഴി ഇല്ലാതാക്കുകയും പ്രലോഭനത്തിന് വഴങ്ങാത്ത മനസ്സ് കുട്ടികളിൽ ഉണ്ടാക്കുക എന്നതും ആകയാൽ ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കുമോ? | (ഡി) | ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ